**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്കായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ സ്ഥലം ഗുണഭോക്താക്കൾക്ക് നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പാറത്തോട് ഗ്രാമപഞ്ചായത്തിലെ 85 അംബേദ്കർ നഗറിലെ ഭൂരഹിതരായ 20 പട്ടികജാതി കുടുംബങ്ങൾക്ക് നൽകുന്നതിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ സ്ഥലം ഗുണഭോക്താക്കളുടെ പേരിൽ ആധാരം രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ ആർ .ഇ . 1/68/2022-എൽ .എസ് .ജി .ഡി .എന്ന നമ്പർ ഫയലിൽ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (എ) | കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പാറത്തോട് ഗ്രാമപഞ്ചായത്തിലെ 85 അംബേദ്കർ കോളനി നിവാസികൾക്ക് ഭൂമി ആധാരം ചെയ്തു നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിക്കുന്നതിനായി ഗുണഭോക്താക്കളുടെ വിശദവിവരം ഉൾപ്പെടുത്തിയ ഭരണസമിതി തീരുമാനം, ആധാരം ചെയ്തു നൽകുന്ന ഭൂമിയുടെ ആധാരത്തിന്റെ പകർപ്പ്, ബി.റ്റി.ആർ, തണ്ടപ്പേർ, കൈവശാവകാശ സർട്ടിഫിക്കറ്റ്, ടി ഗുണഭോക്തക്കൾക്ക് മറ്റെവിടെയും ഭൂമിയില്ലായെന്നുള്ള സാക്ഷ്യപത്രം, ഓരോ ഗുണഭോക്താവും എത്ര വർഷമായി ടി ഭൂമിയിൽ താമസിക്കുന്നുവെന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ